എ.വൈ.ആർ

**ആദർശ വിശ്വാസങ്ങളിൽ പ്രതിബദ്ധതയുള്ളവർ അതിന്റെ വിജയത്തിനു വേണ്ടി ചെയ്യുന്ന സേവനങ്ങൾക്ക് കൂലി ചോദിക്കുകയില്ല. ആദർശവിജയം തന്നെയാണവരുടെ ഏറ്റം മികച്ച പ്രതിഫലം; മറ്റുള്ളവർ അവരുടെ സേവനം മാനിച്ചാലും ഇല്ലെങ്കിലും. പ്രവാചകന്മാരും സ്വാർഥമതികളും തമ്മിലുള്ള പ്രധാന വ്യത്യാസമാണിത്.**



فَلَمَّا جَاءَ السَّحَرَةُ قَالُوا لِفِرْعَوْنَ أَئِنَّ لَنَا لَأَجْرًا إِنْ كُنَّا نَحْنُ الْغَالِبِينَ ﴿٤١﴾

41. ആഭിചാരകന്മാർ വന്നുചേർന്നപ്പോൾ ഫറവോനോട് ചോദിച്ചു: ജയിച്ചാൽ തീർച്ചയായും ഞങ്ങൾക്കു പാരിതോഷികമുണ്ടായിരിക്കുമല്ലോ?

**41**

فَلَمَّا جَاءَ السَّحَرَةُ = ആഭിചാരകന്മാർ വന്നുചേർന്നപ്പോൾ

قَالُوا لِفِرْعَوْنَ = അവർ ഫറവോനോട് പറഞ്ഞു (ചോദിച്ചു)

أَئِنَّ لَنَا لَأَجْرًا = ഞങ്ങൾക്ക് തീർച്ചയായും പ്രതിഫലം ഉണ്ടോ (പാരിതോഷികം ഉണ്ടായിരിക്കുമല്ലോ)

إِنْ كُنَّا نَحْنُ الْغَالِبِينَ = ഞങ്ങൾതന്നെ ജേതാക്കളായാൽ (ജയിച്ചാൽ)

നിശ്ചിത ദിവസം നിശ്ചിത സ്ഥലത്ത് മാന്ത്രിക വിദഗ്ധർ ഒത്തുകൂടി. അവർ ഫറവോനോടു പറഞ്ഞു: മഹാരാജൻ, ഈ മത്സരത്തിൽ ഞങ്ങൾ തന്നെ വിജയിക്കുന്നുവെങ്കിൽ തീർച്ചയായും ഞങ്ങൾക്ക് ഉചിതമായ രാജകീയ പാരിതോഷികമുണ്ടായിരിക്കുമല്ലോ. അവർക്കറിയാമായിരുന്നു, ഫറവോന്റെ മതവും അധികാരവും വലിയ ആപത്തിലകപ്പെട്ടിരിക്കുകയാണ്. അതിൽനിന്ന് രക്ഷിക്കാൻ വേണ്ടിയാണ് തങ്ങളെ വിളിച്ചുവരുത്തിയിരിക്കുന്നത്. തങ്ങൾ രക്ഷിച്ചില്ലെങ്കിൽ ഫറവോനെതിരെ ജയിക്കുന്നത് രാജ്യത്തിന്റെയും ജനതയുടെയും അടിമകളായ മൂസായും സഹോദരനുമായിരിക്കും. ഈ സന്ദിഗ്ധ ഘട്ടത്തിൽ രക്ഷകരാകുന്ന തങ്ങൾ തീർച്ചയായും വമ്പിച്ച പ്രതിഫലം അർഹിക്കുന്നുണ്ട്. രാജ്യത്തിന്റെ രാജാവ് ഏൽപ്പിച്ച ഒരു ദൗത്യം നിർവഹിക്കുന്നതിന് പ്രതിഫലം ലഭിച്ചുകൊള്ളണമെന്നില്ല. വെറുംകൈയോടെ പൊയ്ക്കൊള്ളാൻ പറഞ്ഞാൽ അങ്ങനെ പോവുകയേ ഗതിയുള്ളൂ. അതുകൊണ്ട് പ്രകടനം നടത്തുന്നതിനു മുമ്പുതന്നെ ഫറവോനിൽനിന്ന് പാരിതോഷികം ഉറപ്പാക്കുകയായിരുന്നു മാന്ത്രികർ. മാന്ത്രികരുടെ ഈ പ്രസ്താവന ഒരു വശത്ത് തങ്ങൾ ജയിക്കുമെന്ന ഉറച്ച പ്രതീക്ഷയും മറുവശത്ത് അവരുടെ ധനാർത്തിയെയും ആദർശരാഹിത്യത്തെയും വെളിപ്പെടുത്തുന്നു. രാജ്യത്തിന്റെ ഭരണവ്യവസ്ഥയും വിശ്വാസ പൈതൃകങ്ങളും ഭീഷണിക്കു വിധേയമാകുന്ന സന്ദർഭത്തിൽ നിസ്വാർഥ സേവനത്തിന് അഹമഹമികയാ മുന്നോട്ടുവരേണ്ടത് യഥാർഥ പൗരന്മാരുടെ ചുമതലയാണ്. ഈ വിദ്വാന്മാരാകട്ടെ സേവനത്തിലേർപ്പെടുന്നതിനു മുമ്പേ തങ്ങൾക്ക് പ്രതിഫലം കിട്ടുമോ എന്നാരായുകയാണ്. ആദർശ വിശ്വാസങ്ങളിൽ പ്രതിബദ്ധതയുള്ളവർ അതിന്റെ വിജയത്തിനു വേണ്ടി ചെയ്യുന്ന സേവനങ്ങൾക്ക് കൂലി ചോദിക്കുകയില്ല. ആദർശവിജയം തന്നെയാണവരുടെ ഏറ്റം മികച്ച പ്രതിഫലം; മറ്റുള്ളവർ അവരുടെ സേവനം മാനിച്ചാലും ഇല്ലെങ്കിലും. പ്രവാചകന്മാരും സ്വാർഥമതികളും തമ്മിലുള്ള പ്രധാന വ്യത്യാസമാണിത്. ഇവിടെ മൂസാ(അ)യും സഹോദരനും അവരുടെ ജീവൻ പണയം വെച്ചാണ് മത്സരത്തിനൊരുമ്പെടുന്നത്. ആഭിചാരകന്മാരോടു തോൽക്കുകയില്ലെന്ന് അവർക്കുറപ്പുണ്ട്. ജയിച്ചാലും ഫറവോൻ തങ്ങളെ വിശ്വസിക്കുകയും ആവശ്യങ്ങളംഗീകരിക്കുകയും ചെയ്യുമെന്ന് ഒരുറപ്പുമില്ല. തോറ്റാൽ ശിക്ഷിക്കപ്പെടുമെന്നത് നിസ്സംശയമാണ്. എന്നിട്ടും മൂസാ (അ) പ്രകടനത്തിനു മുമ്പ് ഫറവോനിൽനിന്ന് ഒരു വാഗ്ദാനവും ആവശ്യപ്പെടുന്നില്ല. ഫറവോന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാനോ പാരിതോഷികം ലഭിക്കാനോ വേണ്ടിയല്ല അവർ മത്സരത്തിലേർപ്പെടുന്നത്. മറിച്ച് സർവലോകനാഥനായ അല്ലാ

ഹുവിന്റെ ആജ്ഞ അനുസരിക്കുകയാണവർ. ഭൗതിക ലോകത്ത് അത് എന്തു ഫലമുളവാക്കുമെന്നത് അവർക്ക് പ്രശ്നമല്ല. അല്ലാഹുവിന്റെ കൽപന നിറവേറ്റുന്നതോടെ അവർ വിജയിച്ചുകഴിഞ്ഞു. ഭൗതിക ലോകം നിഷേധിച്ചാലും അല്ലാഹുവിങ്കൽ ആ വിജയവും അതിന്റെ പുരസ്കാരവും സ്ഥിരപ്പെട്ടിരിക്കുന്നു. ■

قَالَ نَعَمْ وَإِنَّكُمْ إِذًا لَمِنَ الْمُقَرَّبِينَ ﴿٤٢﴾

42. ഫറവോൻ പ്രഖ്യാപിച്ചു: അതെ, അപ്പോൾ നിങ്ങൾ നമ്മുടെ ഉറ്റവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതുമാകുന്നു.

**42**

قَالَ = അവൻ (ഫറവോൻ) പ്രഖ്യാപിച്ചു   نَعَمْ = അതെ   وَإِنَّكُمْ إِذًا = അപ്പോൾ നിങ്ങൾ

لَمِنَ الْمُقَرَّبِينَ = (നമ്മുടെ) ഉറ്റവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതുമാകുന്നു

മാന്ത്രികരുടെ നിബന്ധന ഫറവോൻ അംഗീകരിച്ചു. അവർക്ക് വമ്പിച്ച സമ്മാനം നൽകുമെന്ന് സമ്മതിക്കുക മാത്രമല്ല അയാൾ ചെയ്തത്. തുടർന്ന് അവർ സിംഹാസനത്തിന്റെ സമീപവർത്തികളായിരിക്കും എന്നു വാക്കുകൊടുക്കുക കൂടി ചെയ്തു. مقرّب-ന്റെ ബഹുവചനമാണ് مقرّبون. ഉറ്റ ബന്ധുവും സമീപസ്ഥനുമാണ് അതുകൊണ്ട് വിവക്ഷ. നിഷ്കളങ്ക വിശ്വാസത്താലും പുണ്യകർമങ്ങളാലും ജീവിതം ശുദ്ധീകരിച്ചവരെ അല്ലാഹുവിന് ഉറ്റവർ എന്ന അർഥത്തിൽ مقرّبون എന്നു പറയും. അല്ലാഹുവിനോട് ഏറ്റവും സാമീപ്യമുള്ള മലക്ക് എന്ന നിലയിൽ ജിബ്‌രീലിനെ مقرّب ആയ മലക്ക് എന്നു പറയുന്നു. രാജഗുരുക്കന്മാരും മന്ത്രിമാരും മറ്റും രാജാവിന്റെ مقرّبون ആകുന്നു. അവർക്ക് രാജാവിന്റെ നയപരിപാടികളിലും നടപടികളിലും നല്ല സ്വാധീമുണ്ടായിരിക്കും. മത്സരത്തിൽ ആഭിചാരകർ വിജയിക്കുമോ എന്ന കാര്യത്തിൽ ഫറവോനികൾക്ക് ആശങ്കയുണ്ടായിരുന്നുവെന്നും അവർ ആ കാര്യം രഹസ്യമായി ചർച്ച ചെയ്തുവെന്നും ഒടുവിൽ, ഈ മത്സരം രാജ്യത്തിന്റെയും പൈതൃക സംസ്കാരത്തിന്റെയും വ്യവസ്ഥിതിയുടെയും നിലനിൽപ്പിന്റെ പ്രശ്നമാണെന്നും അതിനാൽ മാന്ത്രികർ ഒറ്റക്കെട്ടായിനിന്ന് മൂസായെ നേരിടണമെന്നും ഉദ്ബോധിപ്പിച്ചതായി *ത്വാഹാ* 62-64 സൂക്തങ്ങൾ പറയുന്നുണ്ട്. ഫറവോന്റെ ഈ പരിഭ്രാന്തിയും അയാളുടെ ദിവ്യത്വവാദത്തിന്റെ സ്വയംനിഷേധമാണ്. ■

قَالَ لَهُمْ مُوسَىٰ أَلْقُوا مَا أَنْتُمْ مُلْقُونَ ﴿٤٣﴾

43. മൂസാ ആഭിചാരകന്മാരോടു പറഞ്ഞു: നിങ്ങൾക്ക് അവതരിപ്പിക്കാനുള്ളത് അവതരിപ്പിച്ചുകൊള്ളുക.

**43**

قَالَ لَهُمْ مُوسَىٰ = മൂസാ അവരോട് (ആഭിചാരകന്മാരോട്) പറഞ്ഞു

أَلْقُوا = നിങ്ങൾ എറിയുവിൻ (അവതരിപ്പിച്ചുകൊള്ളുക)

مَا أَنْتُمْ مُلْقُونَ = നിങ്ങൾ എന്ത് എറിയുന്നവരാണോ അത് (നിങ്ങൾക്ക് അവതരിപ്പിക്കാനുള്ളത്)

മൂസാ (അ)യും മന്ത്രവാദികളും മത്സരവേദിയിലെത്തിയപ്പോൾ ആദ്യത്തെ പ്രകടനത്തിനുള്ള അവസരം തങ്ങൾക്ക് ലഭിക്കണമെന്ന് മാന്ത്രികർ ആഗ്രഹം പ്രകടിപ്പിച്ചതായും മൂസാ (അ) അതനുവദിച്ചതായും സൂറ *അഅ്റാഫ്* 115, *ത്വാഹാ* 65 സൂക്തങ്ങളിൽ പറയുന്നുണ്ട്. ഈ അനുവാദമാണ് പ്രകൃത വാക്യത്തിലൂടെ മൂസാ (അ) വെളിപ്പെടുത്തുന്നത്. ഇത്തരം പ്രകടനങ്ങൾ ആദ്യം അവതരിപ്പിക്കുന്നവർക്ക് എളുപ്പത്തിൽ കാണികളെ കൈയിലെടുക്കാൻ കഴിയും. ആദ്യപ്രകടനത്തെ നിഷ്പ്രഭമാക്കുന്ന പ്രകടനം കൊണ്ടേ രണ്ടാമന് കാണികളുടെ മതിപ്പു നേടാൻ കഴിയൂ. ഇതാവാം മാന്ത്രികർ ആദ്യ അവസരം ആഗ്രഹിച്ചതിന്റെ താൽപര്യം. മൂസാ നബി അവതരിപ്പിക്കുന്നത് മാന്ത്രിക പ്രകടനമല്ലല്ലോ. അത് ദിവ്യാത്ഭുത ദൃഷ്ടാന്തമാണ്. അല്ലാഹുവാണ് അതവതരിപ്പിക്കുന്നത്. മൂസാ നബിയും ഹാറൂൻ നബിയും മാധ്യമം മാത്രം. അതുകൊണ്ട് അവസരം ആദ്യമായാലും അവസാനമായാലും സ്വന്തം വിജയം അവർക്കുറപ്പാണ്. ■

فَأَلْقَوْا حِبَالَهُمْ وَعِصِيَّهُمْ وَقَالُوا بِعِزَّةِ فِرْعَوْنَ إِنَّا لَنَحْنُ الْغَالِبُونَ ﴿٤٤﴾

44. ആഭിചാരകന്മാർ അവരുടെ മാന്ത്രികച്ചരടുകളും ദണ്ഡുകളും നിലത്തെറിഞ്ഞു. ഫറവോന്റെ അജയ്യ പ്രതാപത്താൽ ജേതാക്കൾ ഞങ്ങൾ തന്നെയാണെന്നു പ്രസ്താവിക്കുകയും ചെയ്തു.

**44**

فَأَلْقَوْا حِبَالَهُمْ وَعِصِيَّهُمْ = അവർ (ആഭിചാരകന്മാർ) അവരുടെ (മാന്ത്രിക) ചരടുകളും ദണ്ഡുകളും നിലത്തെറിഞ്ഞു

وَقَالُوا = അവർ പ്രസ്താവിക്കുകയും ചെയ്തു بِعِزَّةِ فِرْعَوْنَ = ഫറവോന്റെ അജയ്യ പ്രതാപത്താൽ

إِنَّا لَنَحْنُ الْغَالِبُونَ = ജേതാക്കൾ ഞങ്ങൾ തന്നെയാകുന്നു

മാന്ത്രികർ ഫറവോന്റെ പ്രതാപത്താൽ വിജയം തങ്ങൾക്കു തന്നെ എന്നു പ്രഖ്യാപിച്ചുകൊണ്ട് അവരുടെ മാന്ത്രികച്ചരടുകളും ദണ്ഡുകളും അവതരിപ്പിച്ചു തുടങ്ങി. بِعِزَّةِ فِرْعَوْنَ എന്ന വാക്യത്തെ വ്യാഖ്യാതാക്കൾ രണ്ടുതരത്തിൽ വിശദീകരിച്ചിരിക്കുന്നു: ഒന്ന്, ബിസ്മില്ലാഹി എന്നു പറയുന്നതുപോലെയാണിത്. ഫറവോന്റെ ശക്തിപ്രഭാവത്തെ അവലംബിച്ച് ഞങ്ങൾ പ്രകടനം തുടങ്ങുന്നുവെന്നും അതിനാൽ ഞങ്ങൾ തന്നെ വിജയിക്കുമെന്നുമാണ് സാരം. രണ്ട് بِعِزَّةِ فِرْعَوْنَ ശപഥ വാക്യമാണ്. 'ഫറവോന്റെ അജയ്യ പ്രതാപത്തെ പിടിച്ച് ഞങ്ങൾ ആണയിടുന്നു, ഞങ്ങൾ തന്നെ വിജയിക്കും' എന്നാണ് താൽപര്യം. മാന്ത്രികർ പ്രകടനം തുടങ്ങിയപ്പോൾ ജനങ്ങളുടെ കണ്ണുകളെ മയക്കി വിരട്ടിക്കളഞ്ഞുവെന്നും ഗംഭീരമായ മാന്ത്രിക വിദ്യ തന്നെയാണ് അവതരിപ്പിച്ചതെന്നും *അൽ അഅ്റാഫ്* 116-ൽ പറയുന്നുണ്ട്. അവർ മാന്ത്രികച്ചരടുകളും ദണ്ഡുകളും നിലത്തിട്ടപ്പോൾ അവ പുളയുന്നതായി തോന്നിയെന്നും അതുകണ്ട് മൂസാ (അ)യുടെ അന്തരാളങ്ങളിൽ ഭീതിയുണർന്നുവെന്നും *ത്വാഹാ* 65-66-ലും പറയുന്നു. നേരത്തെ വന്ന ആ വിശദാംശങ്ങൾ ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു. ■

فَأَلْقَىٰ مُوسَىٰ عَصَاهُ فَإِذَا هِيَ تَلْقَفُ مَا يَأْفِكُونَ ﴿٤٥﴾

45. പിന്നെ മൂസാ തന്റെ വടി നിലത്തിട്ടു. ഉടനെ യതാ അവരുടെ വ്യാജ നിർമിതികളെ അത് വിഴുങ്ങിക്കൊണ്ടിരിക്കുന്നു.

**45**

فَأَلْقَىٰ مُوسَىٰ عَصَاهُ = പിന്നെ മൂസാ തന്റെ വടി നിലത്തിട്ടു

فَإِذَا هِيَ = അപ്പോൾ അത് അതാ تَلْقَفُ = വിഴുങ്ങിക്കൊണ്ടിരിക്കുന്നു

مَا يَأْفِكُونَ = അവർ കൃത്രിമമായി കെട്ടിച്ചമക്കുന്നതിനെ (അവരുടെ വ്യാജ നിർമിതികളെ)

تَلْقَفُ مَا يَأْفِكُونَ എന്ന വാക്യം നേരത്തേ സൂറ *അൽ അഅ്റാഫ്* 118-ാം സൂക്തത്തിൽ വന്നിട്ടുണ്ട്. അർഥം *ഖുർആൻ ബോധനം* അവിടെ വിശദീകരിച്ചിരിക്കുന്നു. മൂസാ നബിയുടെ വടി പരിണമിച്ച സർപ്പം യഥാർഥ സർപ്പവും മാന്ത്രികരുടേത് അയഥാർഥവും കൃത്രിമവുമായിരുന്നു. *ത്വാഹാ* 69-ൽ تَلْقَفْ مَا صَنَعُوا (അത് അവർ നിർമിച്ചതിനെ വിഴുങ്ങുന്നു) എന്നും صَنَعُوا كَيْدُ سَاحِرٍ (അവർ നിർമിച്ചത് മാന്ത്രിക തന്ത്രം മാത്രമായിരുന്നു) എന്നും പറയുന്നുണ്ട്. യഥാർഥ സർപ്പം കൃത്രിമ സർപ്പങ്ങളെ വഴുങ്ങി. അല്ലെങ്കിൽ മാന്ത്രികരുടെ കൃത്രിമ നിർമിതികളെ മൂസാ നബി പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതം ദയനീയമായി പരാജയപ്പെടുത്തി എന്നാണ് താൽപര്യം. ■